## പതിമൂന്നാം കേരളനിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.700      **14.07.2014-ൽ മറുപടിയ്ക്ക്**

### കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി ദേവസ്സി<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. സി.കൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി (കെ.എൽ.ജി.എസ്.ഡി.പി)-യുടെ അവലോകനം നടത്തിയിട്ടുണ്ടോ; | (എ) കേരള തദ്ദേശസ്വയംഭരണ സേവന പ്രദാന പദ്ധതി (കെഎൽജിഎസ്ഡിപി)-യുടെ നിർവ്വഹണ മേൽനോട്ടത്തിനായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പദ്ധതിയുടെ അവലോകനം നടത്താറുണ്ട്. അത് കൂടാതെ ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ കൂടി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. അതോടൊപ്പം എല്ലാ ആഴ്ചകളിലും കൂടാറുള്ള വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗങ്ങളിലും കെ.എൽ.ജി.എസ്.ഡി.പി ഉൾപ്പടെയുള്ള വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. |
| (ബി) തദ്ദേശ സ്ഥാപനങ്ങളുടെ കാര്യനിർവ്വഹണ-ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സ്ഥായിയായ നിലനിൽപ്പ് ഉറപ്പു വരുത്തുന്നതിനും പദ്ധതി നടത്തിപ്പ് സഹായകരമായോയെന്ന് വ്യക്തമാക്കുമോ; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി നടത്തിപ്പ് പുരോഗതി പ്രാപിച്ചു വരുന്നു. കാര്യനിർവ്വഹണ ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുമെന്നും ലഭ്യമാക്കുന്ന സേവനങ്ങൾക്ക് സ്ഥായിയായ നിലനിൽപ്പ് ഉണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു. |
| (സി) ഈ പദ്ധതിക്ക് അനുവദിക്കപ്പെട്ട തുക നാമമാത്രമായി മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളുവെന്ന കാര്യം അപ്രോപ്രിയേഷൻ അക്കൗണ്ട്സിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഗൗരവ്വപൂർവ്വം പരിശോധിക്കുമോ; | (സി) ഈ പദ്ധതിക്ക് അനുവദിക്കപ്പെട്ട തുക നാളിതുവരെ ഗണ്യമായി ചിലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പ്രോജക്ട് രൂപീകൃതമായ 2011 മുതൽ 31.03.2014 വരെയുള്ള ചിലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഇനം | അടങ്കൽ തുക | ചിലവ് | ചിലവ് ശതമാനം |
|---|---|---|---|
| തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പെർഫോമൻസ് ഗ്രാന്റ് | 1097.56 | 694.25 | 63% |
| പ്രോജക്ട് മാനേജ്മെന്റും കപ്പാസിറ്റി ബിൽഡിംഗും | 98.44 | 16.27 | 17% |
| ആകെ | 1196 | 710.52 | 59% |

| | |
|---|---|
| (ഡി) പദ്ധതി പണം ചെലവഴിക്കപ്പെടാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (ഡി) പദ്ധതി പണം തീരെ ചിലവഴിക്കപ്പെടാതിരുന്ന സാഹചര്യം നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ